LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ചുവരുന്നു.

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക 1, ഖണ്ഡിക 4(1)-ൽ (കേന്ദ്രഗ്രാമവികസന മന്ത്രാലയം 3-1-2014-ലെ എസ്.ഒ. 19(ഇ) നമ്പർ വിജ്ഞാപന പ്രകാരം ഭേദഗതി ചെയ്തത്) അനുശാസിച്ചിട്ടുള്ള 4 വിഭാഗം പ്രവൃത്തികൾ മാത്രമേ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്നതിന് അനുവാദമുള്ളൂ. ഒരു ജില്ലയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ ഏറ്റവും കുറഞ്ഞത് 60 ശതമാനം തുകയുള്ള പ്രവൃത്തികളെങ്കിലും കാർഷിക/കാർഷികാനുബന്ധ മേഖലയുമായി നേരിട്ട് ബന്ധപ്പെട്ട് ഉല്പാദന ക്ഷമമായ ആസ്തികളുടെ നിർമ്മാണത്തിന് ഉപയോഗിക്കണമെന്ന് കേന്ദ്ര സർക്കാർ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം (7-11-2014 വരെയുള്ള കണക്ക് പ്രകാരം) ഏറ്റെടുത്തു നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ എണ്ണത്തിന്റെ 85.95 ശതമാനവും ചെലവഴിച്ച തുകയുടെ 84.16 ശതമാനവും കാർഷിക-അനുബന്ധ മേഖലയിലെ പ്രവൃത്തികൾക്കുവേണ്ടിയാണ് നീക്കിവച്ചത്.

തൊഴിലുറപ്പ് തൊഴിലാളികൾക്ക് ക്ഷേമപെൻഷൻ

33 (3316) ശ്രീ. സി. ദിവാകരൻ : താഴെകാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2013-14 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന തൊഴിലുറപ്പ് തൊഴിലാളികൾക്ക് ക്ഷേമ പെൻഷൻ നടപ്പിലാക്കണമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; എത്ര തൊഴിലാളികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

ഇല്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ക്ഷേമപെൻഷൻ നൽകുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതവും ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തി ഒരു പെൻഷൻ പദ്ധതി സർക്കാർ, 2013-14 -ലെ ബഡ്ജറ്റിൽ, പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടില്ല.